ആർക്കിയോളജിയിലെ നേരംപോക്കുകൾ

കേസരി ബാലകൃഷ്ണപിള്ള

ആർക്കിയോളജിയിലെ നേരംപോക്കുകൾ
കേസരി ബാലകൃഷ്ണപിള്ള
(മലയാളം: ലേഖനം)

© 2021, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Flinders Petrie, painting by Philip Alexius de Laszlo. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ആർക്കിയോളജിയിലെ നേരംപോക്കുകൾ



ഫ്ലിൻഡേഴ്സ് പെടീയുടെ സെക്വൻസ് ഡേറ്റിംഗ് സിസ്റ്റമായ പെടി മ്യൂസിയവുമായി ബന്ധപ്പെട്ട പ്രീ-ഡൈനാസ്റ്റിക് കാലഘട്ടത്തിലെ കറുത്ത ടോപ്പ് ഈജിപ്ഷ്യൻ മൺപാത്രങ്ങൾ.



മൌലാനാ അബുൽ കലാം ആസാദ്

ഈയ്യിടെ ന്യൂഡൽഹിയിൽ വച്ച നടന്ന അഖിലേന്ത്യാ വിദ്യാഭ്യാസ സമ്മേളനത്തിന്റെ അധ്യക്ഷപ്രസംഗത്തിൽ മൌലാനാ അബുൽ കലാം ആസാദ് ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി: "ചരിത്രത്തെ സംബന്ധിച്ചിടത്തോളം, ഇന്ന നമ്മുടെ സർവ്വകലാശാലകൾ ഉപയോഗിച്ചവരുന്ന സകല ചരിത്രബുക്കുകളും, ഇവയിലുള്ള വിട്ടുകളയലുകളും സത്യത്തിൽനിന്നുള്ള വ്യതിചലനങ്ങളും നിമിത്തം, കുറവുള്ളവയായിഭവിച്ചിരിക്കുന്നു. ഇന്നത്തെ സർവ്വകലാശാലകൾ ഉടനടി ശ്രദ്ധ പതിപ്പിക്കേണ്ട കാര്യങ്ങളിൽ വച്ച ഏറ്റവും പ്രധാനപ്പെട്ടതു് പ്രൈമറി ക്ലാസ്സുവരെയുള്ള വിദ്യാർഥികൾക്കു നൽകി വരുന്ന ചരിത്രജ്ഞാനത്തെ പരിഷ്ക്കരിക്കുന്നതാണ്" വിദ്യാഭ്യാസമന്ത്രി ഇങ്ങിനെ പറഞ്ഞതു് ഈ ചരിത്രജ്ഞാനപരിഷ്കരണത്തിന്—ഇന്നത്തെ സർവ്വകലാശാലക്കാരുടെ മൌലികമായ കൊള്ളരുതായ്മ അദ്ദേഹം മനസ്സിലാക്കിയിട്ടില്ലാത്തതു നിമിത്തമാണ്.

ഫ്ലിൻഡേഴ്സ് പെടീയുടെ എക്സിബിറ്റിംഗ് മെറ്റീരിയൽ, ലണ്ടനിലെ ടെൽ ഫാറ.

സാധാരണയായി ചരിത്രരേഖകളെന്നു ഗണിക്കപ്പെടുന്ന ലിഖിത രേഖകളില്ലാത്ത കാലത്തെപ്പറ്റി—ഇംഗ്ലീഷിൽ പ്രീഹിസ്റ്ററി എന്നു പറയുന്നതിനെക്കുറിച്ച്— പ്രതിപാദിക്കുന്ന ശാസ്ത്രമാണ് ആർക്കിയോളജി. ഇക്കാലത്തെ ചരിത്രം അറിയുന്നതിനും ഇന്നു മാർഗ്ഗങ്ങളില്ലാതെയില്ല. ആർക്കിയോളജിക്കൽ ഖനനം, ഇന്നത്തെ സകല രാജ്യക്കാരുടെയും പ്രാചീന ഐതിഹ്യങ്ങളെയും കഥകളെയും പുരാണേതിഹാസങ്ങളെയും നിഷ്പക്ഷബുദ്ധ്യാ ശാസ്ത്രീയമനഃസ്ഥിതിപൂർവ്വം താരതമ്യപ്പെടുത്തി ഗവേഷണം നടത്തുക എന്നിവയാണ് ഇവയിൽ ഏറ്റവും പ്രധാനമായ രണ്ടെണ്ണം. ഇന്നത്തെ സർവ്വകലാശാലക്കാരും ആർക്കിയോളജി വകുപ്പുകാരും ആദ്യത്തേതിനെ മാത്രമെ പ്രായേണ സ്വീകരിച്ചവരുന്നുള്ളു. പ്രസ്തുത ഐതിഹ്യങ്ങളും മറ്റും സമകാലീനരേഖകളല്ലെന്നുള്ള വാദം ഇവർ മുറുകെപിടിച്ച കൊണ്ടിരിക്കുന്നതാണ് ഇതിനു കാരണം. ഈ ഐതിഹ്യങ്ങളെ ഉപയോഗപ്പെടുത്തുന്നവർതന്നെ അതിരുകവിഞ്ഞ ദേശീയമോ, വർഗ്ഗീയമോ ആയ മനഃസ്ഥിതി ഹേതുവായി അന്യരാജ്യക്കാരുടെയും അന്യമതസ്ഥരുടെയും ഐതിഹ്യങ്ങളോട് ഇവയെ താരതമ്യപ്പെടുത്തി പഠിക്കുന്നുമില്ല. തന്നിമിത്തം ഇവരും സത്യത്തിൽ എത്തിച്ചേരുവാൻ നമ്മെ സഹായിക്കുന്നില്ല.



ഫ്ലിൻഡേഴ്സ് പെടീ

പല കാലങ്ങളിലുമായി ഒരു സ്ഥലത്തുണ്ടായിരുന്ന പരിഷ്കാരാവശിഷ്ടങ്ങളെ പൂർവ്വാപരബന്ധക്രമേണ—അതായതു് ഒന്നിനുമുമ്പ് മറ്റൊന്ന് എന്ന് കാണിക്കുന്ന രീതിയിൽ, അഥവാ, സർ ഫ്ലിൻഡേഴ്സ് പെടീ പ്രാചീന ഈജിപ്തിനെ സംബന്ധിച്ച് ആദ്യമായി സ്ഥാപിച്ച "സെക്വൻസ് ഡേറ്റിംഗ്" രീതിയിൽ—മാത്രമേ ആർക്കിയോളജിക്കൽ ഖനനം നമുക്കു കാണിച്ചതരുന്നുള്ളു. ഇന്ന ഇന്ന വർഷങ്ങളിൽ അവ ഓരോന്നും നിലവിലിരുന്നു എന്നു അവ നമ്മെ ധരിപ്പിക്കുന്നില്ല. ഇതു ഹേതുവായി ശാസ്ത്രീയമായ ചരിത്രരചനയ്ക്ക് അപരിത്യാജ്യമായ സൂക്ഷ്മ കാലഗണനം ഇതിൽ അടങ്ങിയിട്ടില്ല. ഇതുകൊണ്ടു നമുക്കു കിട്ടുന്നതു വെറും കങ്കാളങ്ങൾ മാത്രമാണ്. പ്രാചീനകാലത്തെ മഹാ പുരുഷന്മാരെപ്പറ്റിയും ഇതു് നമുക്ക് യാതൊരറിവും തരുന്നില്ല. ഇതുകൊണ്ട് സാധാരണജനങ്ങൾ—അഭ്യസ്തവിദ്യർ പോലും—ഇതിനെ ഉണക്കശാസ്ത്രമെന്നു പറഞ്ഞ് ആക്ഷേപിച്ച് അതിൽ താൽപര്യം കാണിക്കാതെയിരിക്കുന്നു.

ജറുസലേമിലെ പ്രൊട്ടസ്റ്റന്റ് സെമിത്തേരിയിൽ പെടീയുടെ ഹെഡ്സ്റ്റോൺ (2009).

എന്നാൽ പ്രസ്തുത രണ്ടു മാർഗ്ഗങ്ങളും കലർത്തി ഗവേഷണം നടത്തുന്നതായാൽ പ്രസ്തുത കുറവുകൾ ചരിത്രജ്ഞാനത്തിൽ ഇല്ലാതാകും. ഇപ്രകാരം ആർക്കിയോളജി പഠിക്കുന്നതായാൽ, നമ്മുടെ ഇന്നത്തെ പല ധാരണകളും അബദ്ധജടിലങ്ങളാണെന്ന് മനസ്സിലാക്കുവാൻ കഴിയും. ഈ പരമാർഥജ്ഞാനം നമ്മുടെ ഇന്നത്തെ ചിന്താഗതിയിലും പെരുമാറ്റത്തിലും വലിയ പരിവർത്തനം വരുത്തുകയും ചെയ്യും. ആർക്കിയോളജിയിൽ പ്രസ്തുതരീതിയിൽ ഗവേഷണം നടത്താതെയിരിക്കുന്നതിന്റെ ഒരു അന്തിമഫലമാണ് ഉത്തര ഇൻഡ്യയിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന മൃഗീയസംഭവങ്ങൾ. ഇതിന്റെ അന്തിമമായ ഉത്തരവാദിത്വത്തിന്റെ ഒരു വലിയ ഭാഗം നമ്മുടെ ഇന്നത്തെ സർവ്വകലാശാലക്കാരുടെ ചുമലിൽ കെട്ടി വയ്ക്കണം. ഈ ദുരന്തസംഭവങ്ങൾക്ക് പുറമെ ഇന്നത്തെ ആർക്കിയോളജിയുടെ പ്രസ്തുത കുറവുകൾ ചില നേരമ്പോക്കുകളെയും കൂടി സൃഷ്ടിച്ചിട്ടുണ്ട്. ഇവയിൽ രണ്ടുമൂന്നെണ്ണം ഇവിടെ വിവരിച്ചുകൊള്ളുന്നു.



ഫെമിൻ സ്റ്റെല, സെഹെൽ ദ്വീപിൽ സ്ഥിതിചെയ്യുന്ന ഒരു ലിഖിതം.

ഹിന്ദുമതത്തിലെ എല്ലാ ദേവന്മാർക്കും വാഹനങ്ങളുണ്ടല്ലോ. മഹാവിഷ്ണുവിന് ഗരുഡനും, ബ്രഹ്മാവിന് ഹംസവും, ശിവന് കാളയും, ഗണേശന് എലിയും ദുർഗ്ഗയ്ക്ക് കടുവയും വാഹനങ്ങളാണ്. ഈ വാഹനങ്ങളിൽ അവരെ ഇരുത്തി എഴുന്നെള്ളിക്കാറുമുണ്ട്. എന്നാൽ പ്രസ്തുത സർവ്വരാജ്യ ഐതിഹ്യപഠനം ദേവന്മാർക്കും അവരുടെ വാഹനങ്ങൾക്കും തമ്മിലുള്ള ബന്ധം ഇതിനു നേരേ മറിച്ചാണെന്ന് നമ്മെ ധരിപ്പിക്കുന്നതാണ്. "വാഹനൻ" എന്ന വാക്കു വാസ്തവത്തിൽ പ്രാചീന ആസ്ട്രോ-ഏഷ്യാറ്റിക് ഭാഷാ കുടുംബത്തിന്റെ ഒരു ശാഖയായ മുണ്ഡാഭാഷയിൽ കാണുന്നതും മകനെന്ന് അർത്ഥമുള്ളതുമായ "ഹൻ" "ഹവൻ" എന്ന പദത്തിന്റെ ഒരു രൂപഭേദമാണെന്ന് പാരീസ് സർവ്വകലാശാലയിലെ പ്രസിദ്ധഭാഷാശാസ്ത്രജ്ഞനായ പ്രസിലുസ്കി സ്ഥാപിച്ചിട്ടുണ്ട്. "ഹപൻ" എന്നതിന് ഭാഷാശാസ്ത്ര നിയമമനുസരിച്ച് "പഹൻ" എന്നൊരു രൂപഭേദമുണ്ടാകും. ഇതിനെ സംസ്കൃതീകരിച്ചാണ് "വാഹനൻ" എന്ന പദം സൃഷ്ടിച്ചിട്ടുള്ളത്. അവതാരം എന്നർത്ഥമുള്ള വ്യൂഹം എന്ന സംസ്കൃതവാക്കും ഇതിൽനിന്നുതന്നെ ജനിച്ചിട്ടുള്ളതാണ്. പുത്രനെ പിതാവിന്റെ അവതാരമായി പരിഗണിക്കാമല്ലൊ. ഗരുഡവാഹനൻ എന്നതിന്റെ യഥാർത്ഥമായ അർത്ഥം ഗരുഡപുത്രൻ, അതായതു്, മഹാവിഷ്ണു എന്നാണ്. പുത്രൻ എന്നർത്ഥമുള്ള "കൊൻ" എന്നൊരു പദവും മുണ്ഡാഭാഷയിലുണ്ട്. ഇതിനെ സംസ്കൃതീകരിച്ച് കർണ്ണൻ എന്ന പദവും സൃഷ്ടിച്ചു എന്നും പ്രിസിലുസ്കി ചൂണ്ടിക്കാണിച്ചിരിക്കുന്നു. ക്രിസ്ത്വബ്ദത്തിന്റെ പ്രാരംഭത്തിൽ ദക്ഷിണാപഥ ചക്രവർത്തികളായിരുന്ന രാജവംശത്തിന് ശാതവാഹനനരെന്നും, ശാതകർണ്ണികളെന്നും പേരുകളുണ്ടായിരുന്നു. അശ്വപുത്രർ, അതായതു് ഗന്ധർവ്വരെന്നാണ് ഇവരണ്ടിനും മുണ്ഡാഭാഷയിലുള്ള അർത്ഥം.



ജെസ്യൂട്ട് പിതാവ് ജോൺ-ബാപ്റ്റിസ്റ്റ് ഹോഫ്മാന്റെ (15 വാല്യങ്ങൾ) എൻസൈക്ലോപീഡിയ മുണ്ടാരിക്കയിൽ മുണ്ട ഗോത്രത്തിൽ (മധ്യ ഇന്ത്യ) അറിയപ്പെട്ടിരുന്നതെല്ലാം അടങ്ങിയിരിക്കുന്നു. 1930 മുതൽ 1937 വരെ പ്രസിദ്ധീകരിച്ചു.

ഹിന്ദു ബുദ്ധമതങ്ങളുടെ വിഗ്രഹനിർമ്മാണശാസ്ത്രമനുസരിച്ച് ഒരു ദേവവിഗ്രഹത്തിന്റെ ശിരസ്സിൽ ആ ദേവന്റെ പിതാവിന്റെ വളരെ ചെറിയ ഒരു വിഗ്രഹം വയ്ക്കാറുണ്ട്. ഈ പതിവിന് കടകവിരുദ്ധമായിട്ടാണ് ഇന്നുള്ള ഹിന്ദുക്കൾ പ്രവർത്തിച്ചവരുന്നത്. പുത്രനെ എടുത്ത് അച്ഛന്റെ പുറത്തുവച്ച് ഇവർ ഗുരുത്തക്കേട് കാണിച്ചവരുന്നു. മഹാവിഷ്ണുവിന്റെ പിതാവ് ഗരുഡനും ബ്രഹ്മാവിന്റെ പിതാവ് ഹംസനെന്ന ബിരുദമുള്ള മഹാവിഷ്ണുവും, ശിവന്റെ അച്ഛൻ കാള (നന്ദി) എന്ന പേരുള്ള ബ്രഹ്മാവും, ഗണേശന്റെ (ആദിപരശുരാമന്റെ) പിതാവ് മൂഷികൻ (എലി) എന്ന് പേരുള്ള ശിവനും, കാളിയുടെ അച്ഛനും ഭർത്താവും കടുവായെന്ന പേരുള്ള ബ്രഹ്മാവുമാകുന്നു. ബ്രഹ്മാവിന്റെ രണ്ടു പുത്രിമാരിൽ കാളിയെന്നും സരസ്വതിയെന്നും, ഗംഗയെന്നും പേരുള്ള മൂത്തവളെ അച്ഛനായ ബ്രഹ്മാവും ഉമയെന്ന ഇളയവളെ സഹോദരൻ ശിവനും കല്യാണം കഴിച്ചവെങ്കിലും, ശിവൻ കാളിയെ സ്നേഹിക്കുകയും ആ ദേവിയിൽ ഗണേശനെന്ന ഒരു പുത്രൻ അദ്ദേഹത്തിന് ജനിക്കുകയും ചെയ്തു. ഉമ പെറ്റിട്ടില്ല. പിതൃഭാര്യയെന്ന നിലയിലാണ് ശിവൻ കാളിയായ ഗംഗയെ ജടയിൽ വച്ചിരിക്കുന്നത്. അന്ന് ഏകഭാര്യാവ്രതമില്ലായ്കയാൽ അതുള്ള ഇന്നത്തെ മനുഷ്യർ ഉപഭാര്യമാരെ ഒളിച്ചവയ്ക്കുന്ന പതിവും അന്നുണ്ടായിരുന്നില്ല. തങ്ങളുടെ പതിവ് ചരിത്രാതീതകാലത്തെ മനുഷ്യർക്കും ആരോപിക്കുന്ന ശീലം നിമിത്തമാണ് ശിവൻ ഗംഗയെ ഉമയിൽനിന്ന് ജടയിൽ ഒളിച്ചവച്ചിരുന്നു എന്ന് ഇന്നുള്ളവർ വിചാരിച്ചവരുന്നതും. മറ്റൊരുനേരം പോക്ക് മ്ലേഛനെന്ന പദത്തിന്റെ പ്രയോഗത്തിൽ കാണാം. യാഥാസ്ഥിതികരായ ഹിന്ദുകൾ മ്ലേഛനെന്ന പദത്തെ അതിയായ പുച്ഛരസമുൾക്കൊള്ളുന്ന ഒരർത്ഥത്തിൽ മുസ്ലീമിങ്ങളുടെയും ക്രിസ്ത്യാനികളുടെയും നേർക്കു പ്രയോഗിച്ചവരുന്നുണ്ടല്ലോ. ഇതു ശരിയായ ആർക്കിയോളജിജ്ഞാനത്തിന്റെ അഭാവത്തിൽനിന്നുണ്ടായ ഒരു ഗുരുത്തക്കേടാണ്. മേലുക്കൻ എന്നതിന്റെ ഒരു രൂപഭേദമാണ് മ്ലേഛ എന്നതു്. മേലുക്ക എന്നതു് ചരിത്രാതീതകാലത്ത് പേർസ്യൻ ഉൾക്കടലിന്റെ പടിഞ്ഞാറേവശത്തെ അറബിക്കരയായിരുന്നു. ബാബിലോണിയാക്കാർ ഈ പേരാണ് അതിന് കൊടുത്തിരുന്നത്. പിൽക്കാലത്തെ ഇവിടെനിന്നുള്ള കുടിയേറിപ്പാർപ്പുകൾ നിമിത്തം സീനായി ഉപദ്വീപിനും അബിസീനിയാക്കും കൂടി ഈ പേരുകിട്ടി. ലവണം (ഉപ്പ്) എന്നർത്ഥമുള്ള മെലുക്ക് എന്ന സെമിറ്റിക്ക് പദത്തിൽ നിന്നാണ് മേലുക്ക എന്ന പേര് ഉത്ഭവിച്ചിട്ടുള്ളത്. ദ്യാവാപൃഥിവി അഥവാ സ്വർഗ്ഗരാജ്യം എന്നതിന്റെ പര്യായമായി ലവണാകരയെ—അതായതു് മേലുക്കയെ—അമരകോശം പ്രസ്താവിച്ചിട്ടുണ്ട്. മഹാവിഷ്ണു, ബ്രഹ്മാവ്, ശിവൻ, ഗണേശൻ, എന്നീ ഹിന്ദുദേവന്മാരെല്ലാം ദിവ്യരാക്കപ്പെട്ട മേലുക്ക രാജാക്കന്മാരും ഭാരതീയരുടെ പൂർവ്വികന്മാരുമായിരുന്നു എന്നു ഞാൻ പല ലേഖനങ്ങളിലും സ്ഥാപിച്ചിരുന്നു. അതുകൊണ്ട് ഇവരും മ്ലേച്ഛരായിരുന്നു. തന്നിമിത്തം ഹിന്ദുക്കൾ മ്ലേഛനെന്ന പദത്തെ പുച്ഛരസത്തിൽ മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും നേർക്ക് പ്രയോഗിക്കുമ്പോൾ വലിയ ഗുരുഭക്തരും ദൈവഭക്തരുമായ അവർ ഗുരുത്തക്കേടും ദൈവദൂഷണവുമാണ് കാണിക്കുന്നത്.

(1948 ജനുവരി 31 ഉദയം.)
(ഡമോക്രാറ്റ്—1950 ഒക്ടോബർ.)

□

കേസരി ബാലകൃഷ്ണപിള്ള



പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്നു കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാനൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കടിപ്പള്ളിക്കുടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐച്ഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ചു വക്കീലായി പ്രാക്ടീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

പത്രപ്രവർത്തനം

1922 മെയ് 14-നു സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-നു സമദർശിയുടെ പത്രാധിപത്യം രാജി വെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-നു പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്തംബർ 10-നു ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്തംബർ 18-നു തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-നു കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്തു.

സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹീബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

അവസാനകാലം

1942 സെപ്തംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യുളിസസ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പത് പ്രഞ്ച കഥകൾ
- നാല് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ (നാലു വാള്യം)

ഡ്രോയിങ്: മധുസൂദനൻ
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014